# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3107** — **21.06.2013 - ൽ മറുപടിക്ക്**

### പരക്കാട് കൃഷി ഫാമിൽ മാലിന്യ സംസ്കരണ പ്ലാന്റ്

ചോദ്യം
ശ്രീ. കെ രാധാകൃഷ്ണൻ

മറുപടി
**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) ചേലക്കര മണ്ഡലത്തിലെ പരക്കാട് കൃഷി ഫാമിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി യെന്തെങ്കിലും സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ;<br>ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) & ബി) തൃശ്ശൂർ ജില്ലയിൽ വെങ്ങല്ലൂർ വില്ലേജിലെ ചേലക്കരയിൽ കൃഷി വകുപ്പിന്റെ 2.5 ഏക്കർ സ്ഥലം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് (14/07/11-ലെ സ.ഉ.(സാധാ) നം.1677/2011/ തസ്വഭവ പ്രകാരം) ജില്ലാ കൃഷിത്തോട്ടത്തിന് കീഴിൽ വരുന്ന നിർദ്ദിഷ്ട സ്ഥലം നേരത്തെ തന്നെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. ആയതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനെയും, പരിസ്ഥിതി വകുപ്പിനെയും അറിയിച്ചിട്ടുണ്ട്. |
| സി) കൃഷി വകുപ്പിന്റെ അറിവോടെയല്ലാതെ മുമ്പ് ഇത്തരത്തിൽ ഒരു മാലിന്യ സംസ്കരണ പ്ലാന്റ് ഇവിടെ സ്ഥാപിക്കുവാൻ ഉത്തരവായിരുന്നത് സർക്കാർ റദ്ദാക്കിയിരുന്നതായി അറിയുമോ;<br>ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) & ഡി) അറിയില്ല. |
| ഇ) ചേലക്കര മണ്ഡലത്തിലെ കൃഷി ഫാമുകളിലെ ഭൂമി വിവിധ പദ്ധതികൾക്കായി വിനിയോഗിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന സാഹചര്യത്തിലും പൊതുജനങ്ങളിൽ നിന്നും വ്യാപക പ്രതിഷേധം ഉയർന്നിരിക്കുന്ന സാഹചര്യത്തിലും വീണ്ടും ഇവിടെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനുള്ള നീക്കം ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിക്കുമോ ? | ഇ) നിർദ്ദിഷ്ട സ്ഥലം നേരത്തെ തന്നെ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണെന്നും ആയതിനാൽ പദ്ധതിയുമായി മുന്നോട്ട് പോകാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിനെയും, പരിസ്ഥിതി വകുപ്പിനെയും അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ